ലാറ്ററൽ എൻട്രി

116 [5783] ശ്രീ. മത്തായി ചാക്കോ:
,, കോടിയേരി ബാലകൃഷ്ണൻ:
,, മഞ്ഞളാംകുഴി അലി:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് പ്രവേശനത്തിന് ലാറ്ററൽ എൻട്രി അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്താണ്;

(ബി) ലാറ്ററൽ എൻട്രി അനുവദിക്കുന്നതിന്റെ ഭാഗമായി എഞ്ചിനീയറിംഗ് കോളേജിൽ സീറ്റ് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം;

(സി) ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകളിൽ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്;

(ഡി) കേരള കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ (കേപ്)-ന് കീഴിലുള്ള കോളേജുകളിൽ ഇപ്രകാരം സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം സീറ്റുകൾ?

ഉത്തരം

(എ) 60% മാർക്കോടുകൂടി ഡിപ്ലോമ പരീക്ഷ പാസ്സാകുകയും ലാറ്ററൽ എൻട്രി പ്രവേശന പരീക്ഷ പാസ്സാകുകയും ചെയ്യുന്ന കുട്ടികൾക്ക് ഈ പദ്ധതി മുഖേന എഞ്ചിനീയറിംഗ് പ്രവേശനത്തിന് അർഹത ഉണ്ടായിരിക്കും.

(ബി) ലാറ്ററൽ എൻട്രി പദ്ധതി പ്രകാരം മുൻ അദ്ധ്യയന വർഷം (ഒന്നാം വർഷം) അനുവദിച്ചിട്ടുള്ള ഇൻടേക്കിന്റെ 10% സീറ്റ് അധികമായി അനുവദിച്ചു രണ്ടാം വർഷത്തിൽ പ്രവേശനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു. †

(ഡി) എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും ലാറ്ററൽ എൻട്രി പ്രകാരം 10% സീറ്റ് അധികമായി ഉൾപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് ഉണ്ട്. എന്നാൽ ഈ പദ്ധതി നടപ്പാക്കുന്നതിന് കേപ്പിന്റെ കോളേജുകൾ തയ്യാറായിട്ടില്ല.

സർവ്വകലാശാലയുടെ അനുവാദമില്ലാതെ പുതിയ കോഴ്സ് തുടങ്ങിയ കോളേജുകളുടെ മേൽ നടപടി

117 [5789] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, വി. ബാലറാം:
,, ലൂഡി ലൂയിസ്:
,, ഇ. എം. അഗസ്തി:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly